6. മലപ്പുറം, കോട്ടപ്പടി ഠൗൺ ഹിൽ)

7. പാലക്കാട്, മേട്ടുപാളയം റോഡ്

8. കണ്ണൂർ, കാൾടെക്സ് ഗവ. റ്റി.റ്റി.ഐ. ഫോർ മെൻ

9. ഇടുക്കി, കുമിളി ഗവ.എച്ച്.എസ്.എസ്. കോമ്പൗണ്ട്

തിരുവനന്തപുരം,എറണാകുളം, മലപ്പുറം എന്നിവിടങ്ങളിൽ അദ്ധ്യാപകഭവനുകൾ പ്രവർത്തിക്കുന്നു.

(ബി) സർവ്വീസിലുള്ളവരും സർവ്വീസിൽനിന്നും വിരമിച്ചവരുമായ അദ്ധ്യാപകർക്ക് ശിക്ഷക് സദനുകളിൽ സർവ്വീസ് ചാർജ്ജിൽ ഇളവ് നൽകുന്നുണ്ട്. കേരളത്തിലെ എല്ലാ സർക്കാർ എയ്ഡഡ് മേഖലയിലെ അദ്ധ്യാപകർക്കും വിരമിച്ച അദ്ധ്യാപകർക്കും അദ്ധ്യാപകഭവനിൽ വാടകയിൽ ഇളവ് അനുവദിക്കുന്നുണ്ട്.

(സി) വാടകയിളവ് അനുവദിക്കുന്നകാര്യം തീരുമാനിച്ചിട്ടില്ല.

അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മാനേജ്മെന്റുകളുടെ ചൂഷണം

33 (2514) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. സാജു പോൾ :
ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക വിഭാഗങ്ങൾ മാനേജ്മെന്റുകളുടെ കഠിനമായ ചൂഷണത്തിന് വിധേയമാവുകയാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവരുടെ സംരക്ഷണത്തിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വിശദമാക്കാമോ ;

(സി) ഇതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾ മറികടക്കുന്നതിന് പിരിച്ചുവിടലും മറ്റ് കൂടുക്കുവഴികളും മാനേജ്മെന്റുകൾ സ്വീകരിക്കുന്നതായി ഉയർന്നിട്ടുള്ള പരാതി പരിശോധിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ മേഖലയിൽ നടക്കുന്ന ചൂഷണം തടയുന്നതിന് നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇതിന്റെ നടപടികൾ വൈകുന്നത് എന്തുകൊണ്ടെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇവരുടെ സേവന-വേതന വ്യവസ്ഥകൾക്ക് വ്യക്തമായ മാനദണ്ഡങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. അൺ എയ്ഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ യോഗ്യത, വേതനം എന്നിവ സംബന്ധിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം XIV (AA) യിൽ തന്നെ പ്രതിപാദിച്ചിട്ടുണ്ട്. കൂടാതെ 2007-ൽ ഈ മേഖലയെ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി സർക്കാർ നിയോഗിച്ച രണ്ടംഗകമ്മീഷന്റെ ശിപാർശയനുസരിച്ച് നിലവിലെ വേതനം പുതുക്കി നിശ്ചയിക്കുകയും ചെയ്തു.

കൂടാതെ അനദ്ധ്യാപക ജീവനക്കാരുടെ വേതനം നിർണ്ണയിക്കുന്നതിനുള്ള ശമ്പള സ്കെയിൽ നിശ്ചയിച്ചുകൊണ്ട് തൊഴിൽ വകുപ്പിൽനിന്ന് സ.ഉ.(പി) 155/2011/തൊഴിൽ നമ്പരായി 12-9-2011-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിലെ ജീവനക്കാർക്കും അദ്ധ്യാപകർക്കും സർക്കാർ നിരക്കിലുള്ള ശമ്പളവും അലവൻസും നൽകിയിരിക്കണമെന്ന് എൻ.ഒ.സി.യുള്ള മാനദണ്ഡത്തിൽതന്നെ വ്യക്തമാക്കിയിട്ടുമുണ്ട്.

(സി) പരാതികൾ പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു.

അമ്പലപ്പുഴ മണ്ഡലത്തിൽ അസാപ് നടപ്പിലാക്കിയിട്ടുള്ള സ്കൂളുകൾ

34 (2515) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അമ്പലപ്പുഴ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് അഡീഷണൽ സ്കിൽ അക്വിസിഷൻ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly